വിധായാളീകവിശ്രംഭമജ്ഞേഷു ത്യക്തസൌഹൃദാ:
നവം നവമഭീപ്സന്ത്യ: പുംശ്ചല്യ: സ്വൈരവൃത്തയ: **(9-14-38)**
ഏക ഏവ പുരാ വേദ: പ്രണവ: സർവവാങ്മയ:
ദേവോ നാരായണോ നാന്യ ഏകോഽഗ്നിർവർണ്ണ ഏവ ച **(9-14-48)**
പുരൂരവസ ഏവാസീത് ത്രയീ ത്രേതാമുഖേ നൃപ
അഗ്നിനാ പ്രജയാ രാജാ ലോകം ഗാന്ധർവമേയിവാൻ **(9-14-49)**

*ശുകമുനി തുടർന്നു:*

അത്രി, സൃഷ്ടികർത്താവായ ബ്രഹ്മാവിന്റെ പുത്രനായിരുന്നു. അദ്ദേഹത്തിന്റെ സന്തോഷാശ്രുക്കളിൽ നിന്ന് ചന്ദ്രദേവതയായ സോമൻ അമൃതു നിറഞ്ഞവനായി ജനിച്ചു. സൃഷ്ടാവ് സോമനെ മഹർഷിമാരുടെ സംരക്ഷയ്ക്കായും ഔഷധച്ചെടികളുടെ രക്ഷയ്ക്കായും നിയമിച്ചു. നക്ഷത്രങ്ങളുടെ കൂട്ടത്തിൽ ഉന്നതമായൊരു സ്ഥാനവും നൽകി. ഒരിക്കൽ സോമൻ ദേവഗുരുവായ ബ്രഹസ്പതിയുടെ ഭാര്യ താരയെ പ്രലോഭിപ്പിച്ചു. താരയിൽ ബുധൻ ജനിച്ചു. പുരൂരവസ്സ് ബുധന്റെ മകനാണ്. അദ്ദേഹം അതീവസുന്ദരനും സദ്വൃത്തനുമായിരുന്നു. അപ്സരസ്സായ ഉർവ്വശി പുരൂരവസ്സിൽ അനുരക്തയായി. പ്രേമപുരസ്സരം പുരൂരവസിനെ സമീപിച്ച് രണ്ട് ആട്ടിൻകുട്ടികളെ കൊടുത്ത് ഉർവ്വശി പറഞ്ഞു. “അങ്ങ് ഇവകളെ സംരക്ഷിക്കുന്ന കാലമത്രയും ഞാൻ അങ്ങയോടുകൂടി കഴിഞ്ഞു കൊള്ളാം. പക്ഷെ ഒരു നിബന്ധന. മൈഥുനാവസരത്തിലല്ലാതെ അങ്ങയുടെ നഗ്നശരീരം എനിക്ക് കാണാനിടയാവരുത്.” പുരൂരവസ്സ് നിബന്ധനകൾ സമ്മതിച്ച് ഉർവ്വശിയുമായി സസന്തോഷം കഴിഞ്ഞു വന്നു. ഇന്ദ്രസഭയിൽ ഉർവ്വശിയുടെ അസാന്നിദ്ധ്യം അറിഞ്ഞു തുടങ്ങി. ഇന്ദ്രൻ കുറച്ചു ഗന്ധർവൻമാരെ വിട്ട് ഉർവ്വശിയെ തിരഞ്ഞു പിടിച്ചു തിരികെ കൊണ്ടുവരാൻ ഏർപ്പാടു ചെയ്തു. അവർ പുരൂരവസ്സിന്റെ കൊട്ടാരത്തിൽ ചെന്ന് രാത്രി സമയത്ത് ആട്ടിൻകുട്ടികളെ അപഹരിച്ചു. അവകളുടെ കരച്ചിൽ കേട്ട് ഉർവ്വശി രോഷാകുലയായി. ആട്ടിൻകുട്ടികൾക്ക് സംരക്ഷണയേകാത്തതിൽ രാജാവിനെ ശകാരിച്ചു. രാജാവ് പെട്ടെന്ന് കിടക്കയിൽ നിന്നെണീറ്റ് വാളുമെടുത്ത് പുറപ്പെട്ടു. ധൃതിയിൽ വസ്ത്രം ധരിക്കാൻ മറന്നും പോയിരുന്നു. ഗന്ധർവൻമാർ ആട്ടിൻകുട്ടികളെ കൊട്ടാരത്തിനടുത്ത് ഉപേക്ഷിച്ചിരുന്നു. ഇടിമിന്നൽ വെളിച്ചത്തിൽ ഉർവ്വശി രാജാവിനെ ദിഗംബരനായി കണ്ടു. അങ്ങിനെ സ്വന്തം തീരുമാനപ്രകാരം രാജാവിനെ ഉപേക്ഷിച്ചു പോവുകയും ചെയ്തു. രാജാവ് ഉർവ്വശിയുടെ പിറകെ ചെന്ന് തിരിച്ചുവരാൻ കേണപേക്ഷിച്ചു. എന്നാൽ അപ്സരസ്സാകട്ടെ, സ്ത്രീപുരുഷബന്ധങ്ങൾ സ്വാർത്ഥത, ദു:ഖം, ദുരിതം, ഇവ നിറഞ്ഞതാണെന്ന് സമർത്ഥിച്ചു. അവൾ പറഞ്ഞു. “ദുർമ്മതിയായ സ്ത്രീകൾ അജ്ഞാനിയായ പുരുഷൻമാരിൽ വിശ്വാസമുളവാക്കിയതിനു ശേഷം എല്ലാ സൗഹൃദഭാവവും ഉപേക്ഷിക്കുന്നു. എന്നിട്ട് പുതിയ പുതിയ നേട്ടങ്ങളിൽ ശ്രദ്ധവയ്ക്കുന്നു. ഉർവ്വശി രാജാവിന്റെ കൂടെ ഒരു വർഷം കഴിഞ്ഞ് ഒരു ദിവസം കൂടിക്കഴിയാം എന്നറിയിച്ചു. അവൾ ഈ വാഗ്ദാനം നിറവേറ്റിയെങ്കിലും രാജാവിന് സംതൃപ്തിയായില്ല. പുരൂരവസ്സ് ഗന്ധർവൻമാരെ ഒരു പ്രാർത്ഥന ചൊല്ലി ആരാധിച്ചപ്പോൾ അവർ അദ്ദേഹത്തിന് ഒരു പാത്രത്തിൽ അഗ്നി നൽകി. അതിലൂടെ ഭഗവാനെ പൂജിച്ച് ഉർവ്വശിയെ സമ്മാനമായി നേടാമെന്ന് ഗന്ധർവൻമാർ അറിയിച്ചു. വികാരവിവശനായ രാജാവ് പാത്രത്തെ ഉർവ്വശിയെന്ന് കരുതി അതുമായി പലയിടങ്ങളിലുമലഞ്ഞു നടന്നു. പക്ഷെ അതിന്റെ സത്യാവസ്ഥ മനസ്സിലായപ്പോൾ പാത്രം കാട്ടിലുപേക്ഷിക്കുകയും ചെയ്തു. ത്രേതായുഗം പിറന്നപ്പോൾ അഗ്നിപൂജയെപ്പറ്റി രാജാവിന് ഓർമ്മവരികയും വനത്തിലേക്ക് തിരിക്കുകയും ചെയ്തു. അവിടെ അഗ്നി ലഭിക്കാഞ്ഞ് യാഗാഗ്നി കൊളുത്താൻ രണ്ടു തടിക്കഷണങ്ങൾ എടുത്തു. താഴത്തേത് ഉർവ്വശിയെന്നും മുകളിലത്തേത് താനെന്നും സങ്കൽപ്പിച്ച് അതിനു രണ്ടിടയിലുമുള്ളത് പ്രജനനമാണെന്നും കരുതി. ഉർവ്വശീലാഭത്തിനുവേണ്ടി നടത്തിയ യജ്ഞത്തിൽനിന്നും മൂന്ന് അഗ്നിപൂജകളുണ്ടായി. അങ്ങിനെ സങ്കൽപ്പിച്ച് അഗ്നിയുണ്ടാക്കി പുരൂരവസസ് ദേവലോകം പൂകി. “ത്രേതായുഗത്തിനു മുൻപ് ഒരേ ഒരു വേദം മാത്രം -ഓം- മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരേ ഒരു ദേവത - നാരായണൻ. ഒരേ ഒരു അഗ്നി. ഒരേ ഒരു ജാതി. ഇവ മാത്രമെ ഉണ്ടായിരുന്നുള്ളൂ. പുരൂരവസ്സാണ് അവയെ മൂന്നാക്കിയത്.

***ആന്തരീകാർത്ഥത്തിൽ ഒരേയൊരു വിശ്വശാസ്ത്രമേയുള്ളുവെന്നും ദൈവം വിശ്വപുരുഷനാണെന്നും അഗ്നി നിറമുള്ള മനുഷ്യരെല്ലാം ഒരേ ജാതിയാണെന്നും മനസ്സിലാക്കാം.***